# പാലക്കാട് നീര പ്ലാന്റിന് മുഖ്യമന്ത്രി ശിലയിടും

**കൊച്ചി:** നാളികേര വികസന ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നീര പ്ലാന്റിന്റെ ശിലാസ്ഥാപനം വ്യാഴാഴ്ച രാവിലെ 9ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കും. മുതലമട ഇടുക്കുപാറ പ്രോജക്ട് സൈറ്റിൽ പി.കെ. ബിജു എം.പി. നീര കോൾഡ് സ്റ്റോറേജിന്റെ ഉദ്ഘാടനം നിർവഹിക്കും. നീര ചെത്താൻ തെങ്ങുകൾ നൽകിയ കർഷകർക്കുള്ള പ്രതിഫല വിതരണം കെ. അച്യുതൻ എം.എൽ.എ. യും ടെക്നീഷ്യന്മാർക്കുള്ള പ്രതിഫല വിതരണം ഹോർട്ടികോർപ്പ് ചെയർമാൻ ലാൽ വർഗീസ് കല്പകവാടിയും നിർവഹിക്കും. കാർഷിക നയ രൂപവത്കരണ സമിതി ചെയർമാൻ കെ. കൃഷ്ണൻകുട്ടി നീര ഫീഡർ വാഹനത്തിന്റെ താക്കോൽ ദാനം നിർവഹിക്കും.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തും.